# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 30.01.2018-ൽ |
| ചോദ്യം നമ്പർ – 1135 | മറുപടിയ്ക്ക് |

## ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മങ്കടയിലെ വൈലോങ്ങര – ഓരാടംപാലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ തയ്യാറാക്കിയ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; | (എ) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനു നൽകിയിട്ടുണ്ട്. |
| (ബി) എത്ര രൂപയുടെ ഡി.പി.ആർ ആണ് ഇതിനായി ആർ.ബി.ഡി.സി.കെ തയ്യാറാക്കിയിട്ടുള്ളതെന്നും കിഫ്ബിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഏത് തരത്തിലുള്ള പ്രവൃത്തികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) 12.86 കോടി രൂപയുടെ ഡി.പി.ആർ. ആണ് പ്രസ്തുത പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ളത്. 12 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്ത് താഴ്ന്ന ഭാഗങ്ങളിൽ മണ്ണിട്ട് ഉയർത്തി ആവശ്യമായ ഭാഗങ്ങളിൽ ഓടയും, സംരക്ഷണ ഭിത്തിയും നിർമ്മിച്ച് രണ്ട് വരി ഗതാഗതത്തിന് അനുയോജ്യമായ രീതിയിലാണ് ബൈപ്പാസ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) മങ്കടയിലെ ഓരാടംപാലം – മാനത്ത് മംഗലം ബൈപ്പാസ് രൂപീകരണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ? | (സി) ഓരാടം പാലം മാനത്തുമംഗലം ബൈപ്പാസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗം ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അലൈൻമെൻറിൽ ഏഴുകണ്ണിപ്പാലം ഭാഗം ഒഴിവാക്കി റെയിൽവേ സ്റ്റേഷൻ ഭാഗത്തേക്ക് മാറ്റി പുതിയ അലൈൻമെന്റിന് സകെച്ച് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. മാറ്റിയ |

അലൈൻമെന്റും, സ്കെച്ചും വെർട്ടിക്കൽ പ്രൊഫൈൽ സ്കെച്ചും ആവശ്യമായതിനാൽ അതിന്റെ പ്രവൃത്തികൾ നടന്നു വരുന്നു. അതിർത്തി കല്ലുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തിയെങ്കിലും പലയിടത്തും അതിർത്തികല്ലുകൾ കാണാതായിട്ടുണ്ട്. അലൈൻ മെന്റിൽ നഷ്ടമായ കല്ലുകൾ പുനഃസ്ഥാപിക്കാനും ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തുവാനുമുള്ള പ്രവൃത്തി 4.9 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്യുകയും, പ്രവൃത്തി പുരോഗമിച്ചു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ